"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - രാഷ്ട്രീയ ഗ്രാംസ്വരാജ് അഭിയാൻ (RGSA) - പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ പ്രതിമാസ വേതനം 19670/- രൂപയിൽ നിന്ന് 30,385/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.873/2023/LSGD തീയതി,തിരുവനന്തപുരം, 13-04-2023

---

പരാമർശം:-
1. സ.ഉ. (പി) നം. 81/2019/ധന തീയതി 09/07/2019.
2. സ.ഉ. (സാധാ) നം. 241/2021/ത.സ്വ.ഭ.വ. തീയതി 29/01/2021.
3. 18/1/2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/16937/2022-RGSA1 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാംസ്വരാജ് അഭിയാന്റെ (RGSA) പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് പരാമർശം (2) പ്രകാരം നിലവിൽ 19,670/- രൂപ പ്രതിമാസ വേതനമായി അനുവദിച്ചിരുന്നു. ഉയർന്ന യോഗ്യതയും പ്രവൃത്തി പരിചയവും നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് RGSA പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ പ്രതിമാസ കരാർ വേതനം 30,385/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ കത്ത് സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേതന വർദ്ധനവ് അനുവദിക്കുമ്പോൾ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാന്റെ (RGSA) മാർഗ്ഗരേഖ പ്രകാരം പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് സംഘടിപ്പിക്കുന്നതിന് അനുവദനീയമായ മൊത്തം പദ്ധതി തുകയുടെ 5%-ൽ അധികരിക്കരുത് എന്ന നിബന്ധനയോടെ RGSA പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കാറ്റഗറി VIII-ന്റെ വേതനമായ 30,385/- രൂപ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്. [ നം. e-2269818/ഡെവ-5/354/2022-ധന തീയതി 28-03-2023]

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ [LSGD-EM1/135/2022-LSGD].

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 13-04-2023 12:32:14
സെക്ഷൻ ഓഫീസർ